ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ 25 കോടി രൂപ 4217-60-191-98 (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്നു.

(ബി) 2014-15-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന തുകയ്ക്ക് താഴെപ്പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. പാളയം 'സി' ബ്ലോക്ക് (പുനരധിവാസ ബ്ലോക്ക് നിർമ്മാണം) 1.25 കോടി രൂപ.
2. ചാലയിലെ പാർക്കിംഗ് പ്ലാസ, പുനരധിവാസ ബ്ലോക്ക്, കൊമേഴ്യൽ കോംപ്ലക്സ് എന്നിവയ്ക്ക് 15 കോടി രൂപ.
3. അട്ടക്കുളങ്ങര സ്കൂളിന്റെ ചുറ്റുമതിൽ, കച്ചവടക്കാരുടെ പുനരധിവാസ ബ്ലോക്ക്, കൊമേഴ്യൽ കോംപ്ലക്സ് എന്നിവ നിർമ്മിക്കുന്നതിനായി 30 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും 10 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.
4. പാളയം 'എ' ബ്ലോക്ക് നിർമ്മാണത്തിന് 35 കോടി രൂപയുടെ ഭരണാനുമതിയും 10 കോടി രൂപയുടെ സാമ്പത്തിക അനുമതിയും നൽകിയിട്ടുണ്ട്.

പ്രകൃതിദുരന്ത പ്രതിരോധശേഷിയുള്ള കെട്ടിടങ്ങളുടെ നിർമ്മാണം

122 (T 1491) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പ്രകൃതിദുരന്ത പ്രതിരോധശേഷിയുള്ള കെട്ടിടങ്ങളുടെ നിർമ്മാണം ഉറപ്പാക്കാൻ കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ മാറ്റംവരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സംസ്ഥാനത്ത് നിർമ്മിച്ചിട്ടുള്ളതും നിർമ്മാണത്തിലിരിക്കുന്നതുമായ ബഹുനില കെട്ടിടങ്ങളുടെ ഭൂകമ്പപ്രതിരോധശേഷി ഉൾപ്പെടെ പരിശോധിക്കാനും ഉറപ്പുവരുത്താനുമുള്ള സംവിധാനം നിലവിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) പൊതുജനങ്ങൾക്ക് ചട്ടഭേദഗതികൾ ഹാനികരമാവാതിരിക്കുന്നതിനും ഒപ്പം സുരക്ഷ ഉറപ്പുവരുത്തുന്നതിനുമുള്ള മുൻകരുതലുകൾ സ്വീകരിക്കുമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരിഗണനയിലാണ്.

(ബി) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 120 പ്രകാരം ഹൈറൈസ് കെട്ടിടങ്ങളുടെ നിർമ്മാണത്തിന് കെട്ടിട നിർമ്മാണ അപേക്ഷയോടൊപ്പം ഭൂകമ്പ പ്രതിരോധത്തിന് സീസ്മിക് ഫോഴ്സ് സംബന്ധമായ നാഷണൽ ബിൽഡിംഗ് കോഡിലെ വ്യവസ്ഥകൾ ഉൾപ്പെടെ പരിഗണിച്ചുകൊണ്ടുള്ള സ്ട്രക്ചറൽ ഡിസൈനും, ഒപ്പം രജിസ്റ്റേർഡ് എഞ്ചിനീയറുടെ സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റും നിർബന്ധമാക്കിയിട്ടുണ്ട്. ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ നിർമ്മിക്കുന്നതിന് അപേക്ഷ സമർപ്പിക്കുമ്പോഴും ആയവ ഏതൊരു കെട്ടിടത്തിനുമുകളിലാണോ സ്ഥാപിക്കുന്നത് ആ കെട്ടിടത്തിന് സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് ചട്ടം 141 പ്രകാരം നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ ചട്ടം 142 പ്രകാരം നിർമ്മാണം പൂർത്തിയാക്കിയശേഷം കംപ്ലീഷൻ സർട്ടിഫിക്കറ്റ് അപേക്ഷകൻ നഗരസഭാ സെക്രട്ടറിക്ക് നൽകുന്നതിനൊപ്പവും സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് നിഷ്കർഷിക്കുന്നുണ്ട്.

(സി) കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ഭേദഗതിക്കായി തയ്യാറാക്കുന്ന കരട് ചട്ടങ്ങൾ റവന്യൂ-ദുരന്ത നിവാരണ വകുപ്പ്, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി എന്നിവയുടെ പരിഗണനയ്ക്ക് നൽകിവരുന്നുണ്ട്. പ്രസ്തുത വകുപ്പുകൾ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ട്.

നഗരപരിപാലനത്തിലെ ക്രിയാത്മകതയിൽപ്പെടുത്തുന്നതിന് നടപടി

123 (1492) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കേരളത്തിലെ നഗരങ്ങളിലെ ഖരമാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ നഗരകാര്യവകുപ്പ് പൂർണ്ണമായും പരാജയപ്പെട്ടുവെന്നുള്ള മാധ്യമവാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ വിശദീകരണം നല്കുമോ ;

(ബി) ക്രിയാത്മകമായ ഒരു പദ്ധതിയെങ്കിലും നഗരകാര്യവകുപ്പിന് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) ഇല്ല. ഇക്കാര്യത്തിൽ ക്രിയാത്മകമായ പദ്ധതി നടപ്പിലാക്കാൻ നഗരകാര്യവകുപ്പിന് കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ സവിശേഷ സാഹചര്യം